**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1782     06/07/2015 -ൽ മറുപടിയ്ക്ക്**

## ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകളിലെ ബില്ലിംഗ് സിസ്റ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകളിൽ വ്യാജ ബില്ലിംഗ് സമ്പ്രദായം കാണപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു നിയന്ത്രിക്കുന്നതിന് പ്രസ്തുത ഔട്ട് ലെറ്റുകളിലെ കച്ചവടവും വിലയും ബില്ലിംഗും ഒരു നെറ്റ് വർക്കിലൂടെ ബന്ധിപ്പിച്ച് നിരീക്ഷണ വിധേയമാക്കാനുള്ള നടപടി സ്വീകരിക്കുമോ; | (എ) ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിൽ വ്യാജ ബില്ലിംഗ് സമ്പ്രദായം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) മദ്യം വാങ്ങുന്ന ഉപഭോക്താവ് എല്ലാ നിലയിലും വഞ്ചിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) ഉപഭോക്താക്കൾ വഞ്ചിക്കപ്പെടാതിരിക്കാൻ താഴെ പറയുന്ന നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്.<br>1. വെയർ ഹൗസുകളിൽ ഇറക്കുമതി ചെയ്യുന്ന മദ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി മദ്യത്തോടൊപ്പം അതാതു സംസ്ഥാനങ്ങളിലെ കെമിക്കൽ എക്സാമിനർ സാക്ഷ്യപ്പെടുത്തിയ കെമിക്കൽ എക്സാമിനേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാറുണ്ട്. ഈ സർട്ടിഫിക്കറ്റിൽ മദ്യം വിഷമയമല്ലെന്നും ഉപയോഗ യോഗ്യമാണെന്നും സാക്ഷ്യപ്പെട്ട |

ത്തിയിട്ടുണ്ടെങ്കിൽ മാത്രമെ മദ്യം വിൽക്കുകയുള്ളൂ.

2. ബിവറേജസ് കോർപ്പറേഷൻ വിൽക്കുന്ന മദ്യം ഉപയോഗ യോഗ്യമാണെന്നും, എല്ലാ തരത്തിലുമുള്ള നികുതികളും അടച്ചിട്ടുള്ളതാണെന്നും ഉറപ്പുവരുത്താറുണ്ട്. കൂടാതെ ഓരോ കുപ്പിയുടെ അടപ്പിന് മേൽ കോഡും, സീരിയൽ നമ്പരും അടങ്ങിയിട്ടുള്ള ഹോളോഗ്രാഫിക് സെക്യൂരിറ്റി ലേബൽ ഒട്ടിച്ച കുപ്പികളാണ് ബിവറേജസ് കോർപ്പറേഷന്റെ വെയർ ഹൗസുകളിൽനിന്നും ബാറുകളിലേയ്ക്കും ബിവറേജസ് ഔട്ട് ലെറ്റുകളിലേയ്ക്കും വിതരണം ചെയ്യുന്നത്. സെക്യൂരിറ്റി ലേബലിന്റെ കോഡും, സീരിയൽ നമ്പരും പരിശോധിച്ചാൽ ഓരോ കുപ്പിയും ഏതു വെയർഹൗസിൽ നിന്നാണ് വിതരണം ചെയ്തതെന്ന് കണ്ടുപിടിക്കുവാൻ സാധിക്കും.

3. ഉപഭോക്താക്കൾ മദ്യം വാങ്ങുമ്പോൾ കൊടുക്കേണ്ട വില ഓരോ കുപ്പിയിലും ഒട്ടിച്ചിരിക്കുന്ന ബ്രാൻഡ് ലേബലിന് രേഖപ്പെടുത്തിയിരിക്കുന്നു.

4. ഉപഭോക്താക്കളുടെ അറിവിനായി ബിവറേജസ് ഔട്ട് ലെറ്റുകളിൽ ലഭ്യമായ ബ്രാൻഡുകളുടെ വില വിവരം പ്രദർശിപ്പിച്ചിട്ടുണ്ട്.

5. മദ്യം നൽകുന്നതോടൊപ്പം മദ്യത്തിന്റെ വില അടങ്ങിയ ബില്ല് ഉപഭോക്താക്കൾക്ക് നൽകാറുണ്ട്.

6. ഉപഭോക്താക്കൾ വഞ്ചിക്കപ്പെടാതിരിക്കാൻ കോർപ്പറേഷന്റെ ഇന്റേണൽ ഓഡിറ്റ്

വിഭാഗം ഔട്ട് ലെറ്റുകളിലും വെയർ ഹൗസുകളിലും മിന്നൽ പരിശോധന നടത്താറുണ്ട്.

7. റില ഈടാക്കുന്നതിലോ ബില്ലിംഗിലോ പരാതികൾ ഉണ്ടെങ്കിൽ ആയത് എസ്.എം.എസ്.വഴി കോർപ്പറേഷൻ അധികാരികളെ അറിയിക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന പരാതികൾ സംബന്ധിച്ച് സമയബന്ധിതമായി അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്.

ട്രാക്ക് & ട്രയസ് സിസ്റ്റമനുസരിച്ച് സ്മാർട്ട് ഫോൺ വഴി മദ്യകുപ്പിയു മായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഉപഭോക്താവിന് മനസിലാക്കാൻ കഴിയുന്ന രീതിയും ആധുനിക രീതിയിലുള്ള സെക്യൂരിറ്റി സ്റ്റിക്കർ ഉൽപാദിപ്പിച്ച് പതിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**